പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1207 — 01.07.2015 ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ആലപ്പുഴ ജില്ലയിൽ ഭവന നിർമ്മാണത്തിന് അനുവദിച്ച ഭൂമി

ചോദ്യം — ഉത്തരം

ശ്രീ.തോമസ് ചാണ്ടി : — ശ്രീ .അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് ആലപ്പുഴ ജില്ലാ സമിതിക്കു മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വിശദമാക്കാമോ; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് ആലപ്പുഴ ജില്ലാ സമിതിക്കു മുമ്പാകെ 318 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ലഭിച്ച അപേക്ഷകളിൽ 276 അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| (സി) | അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ് എന്ന് വിശദമാക്കുമോ; | (സി) | 761 ആർസ് (18.80 ഏക്കർ) സ്ഥലം അപ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | അനുവദിച്ച വിസ്തീർണ്ണത്തിൽ കൂടുതൽ നിലം പരിവർത്തനം ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; ഇങ്ങനെ അധികം നികത്തിയ കേസുകളിൽ എന്ത് | (ഡി) | ഉണ്ട്. അനധികൃതമായി നിലം നികത്തുന്നത് തടയുന്നതിനായി ജില്ലാതല സ്ക്വാഡുകളും, താലൂക്ക്തല സ്ക്വാഡുകളും നിരന്തരം പ്രവർത്തനം നടത്തുകയും അനധികൃതമായി നികത്തുന്ന നിലം ഉടമകൾക്കെതിരെ കർശന നടപടി |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | | സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയുടെ നികത്തലുകൾക്കെതിരെ 1967 ലെ കെ.എൽ.യു. ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.<br><br>സെക്ഷൻ ഓഫീസർ |